(ബി) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോട് കൂടിയ ഹൈക്കോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കണമെന്നത് സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യമാണ്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ കത്തുകളിൻമേൽ കേന്ദ്ര നിയമമന്ത്രിയുടേയും ബഹുരാഷ്ട്രപതിയുടേയും തീരുമാനം പ്രതീക്ഷിക്കുകയാണ്. ആവശ്യമായ കെട്ടിടങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഇപ്പോൾതന്നെ തിരുവനന്തപുരത്ത് ലഭ്യമായ സാഹചര്യത്തിൽ ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ സാദ്ധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിങ്ങളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ട നടപടി. ഈ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ ലഭ്യമാണ്. ചീഫ് ജസ്റ്റിസിന്റെ അനുമതി തേടുകയും ഇത് കേന്ദ്രസർക്കാരിനു ലഭ്യമാക്കുകയുമാണ് അടുത്ത നടപടി. വളരെയധികം ശ്രമങ്ങൾ നടത്തിയെങ്കിലും അക്കാര്യത്തിൽ ഇതുവരെയായി അനുകൂല അഭിപ്രായം ലഭ്യമായിട്ടില്ല.

സുനാമി ദുരന്തബാധിതരുടെ പുനരധിവാസം

*8 [6] ഡോ. തോമസ് ഐസക്:

ശ്രീ. പിരപ്പൻകോട് മുരളി:

" സാജു പോൾ:

" ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട് സംസ്ഥാനത്ത് എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് സുനാമി ദുരന്തംമൂലം മരണമടഞ്ഞ മലയാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായ നഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സുനാമി ദുരന്തത്തെത്തുടർന്ന് എന്തെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) സുനാമി ദുരന്ത നഷ്ടപരിഹാരമായി കേന്ദ്രത്തിൽനിന്നും എന്തു തുകയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനകം കേന്ദ്ര ഗവൺമെന്റ് എന്തു തുക ദുരിതാശ്വാസപ്രവർത്തനത്തിനായി നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകളും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്തു തുക ഇതിനകം നൽകിയിട്ടുണ്ട്;

(ജി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഇതിനകം എന്തു തുക ചെലവഴിച്ചു;

(എച്ച്) സുനാമി ദുരന്തത്തെത്തുടർന്ന് വീടും ജീവനോപാധികളും നഷ്ടപ്പെട്ട വരുടെ പുനരധിവാസത്തിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ദുരിതാശ്വാസ സഹായങ്ങളൊന്നും ദുരിത ബാധിതർക്ക് ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) 171 പേർ

(ബി) 32 പേർ

(സി) കേന്ദ്രസർക്കാരിന് സമർപ്പിക്കാൻവേണ്ടി പ്രാഥമികമായി തിട്ടപ്പെടുത്തിയ കണക്കുകൾ പ്രകാരം പ്രധാന മേഖലകളിലുണ്ടായ നഷ്ടങ്ങളുടെ തുക ചുവടെ ചേർക്കുന്നു: (ലക്ഷത്തിൽ)

1.	ഭവന മേഖല	..	15090
2.	മത്സ്യബന്ധന മേഖല	..	14019
3.	ശുദ്ധജല വിതരണമേഖല	..	12000
4.	റോഡുകളും പാലങ്ങളും	..	10000
5.	വൈദ്യുതി മേഖല	..	4000
6.	കാർഷികമേഖല	..	2523
7.	മൃഗസംരക്ഷണ മേഖല	..	50

മറ്റ് മേഖലകളിലും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഡി) ആവശ്യാനുസരണം ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ക്യാമ്പുകളിൽ ഭക്ഷണം വൈദ്യസഹായം, കുടിവെള്ളവിതരണം, സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവയ്ക്ക് ഏർപ്പാടുകളുണ്ടാക്കി. മൃതശരീരങ്ങൾ അവകാശികൾക്ക് നൽകുവാൻ സത്വര നടപടികൾ സ്വീകരിച്ചു. സാംക്രമിക രോഗങ്ങൾ തടയുന്നതിനും, പുസ്തകം, നോട്ട് ബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് അവ നൽകുന്നതിനും, റേഷൻ കാർഡ്, മറ്റ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് നടപടിക്രമങ്ങൾ ലഘൂകരിച്ച് പുതിയവ നൽകുന്നതിന് നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു. തീരദേശത്തെ കുടുംബങ്ങൾക്കും അഴിമുഖം പോലെയുള്ള ദുരിത ബാധിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും രണ്ട് മാസത്തെ സൗജന്യറേഷൻ അനുവദിച്ചു. പരിക്കു പറ്റിയ ആളുകൾക്ക് 5,000 രൂപ വീതവും, അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപ വീതവും, മരണപ്പെട്ടവരിൽ മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും, കുട്ടികളുടെ അവകാശികൾക്ക് അമ്പതിനായിരം രൂപ വീതവും, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ ഡിസംബർ 26, 27 തീയതികളിൽ പ്രവേശിക്കപ്പെട്ടവർക്ക് ആയിരം രൂപ വീതവും ധനസഹായവും നൽകി. ദുരിതബാധിത പ്രദേശങ്ങളിലെ വീടുകൾ വൃത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചു. മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

(ഇ) 1358.62 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടു. കേന്ദ്ര സർക്കാരിൽനിന്നും 100 കോടി രൂപ സഹായധനമായി ലഭിച്ചിട്ടുണ്ട്.

(എഫ്) 25-1-2005 വരെ 15.22 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഒഴിച്ചുള്ള മറ്റ് ജില്ല അക്കൗണ്ടുകളിലെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല.

(ജി ആന്റ് എച്ച്) സുനാമി ദുരന്തമുണ്ടായതിനുശേഷം 11.66 കോടി രൂപ വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വേന നിർമ്മാണം, റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം, കടൽഭിത്തി നിർമ്മാണം, വൈദ്യസഹായം നൽകൽ, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി ആവശ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഐ) ഇല്ല.

സാമൂഹ്യ അനാചാരം നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി

*9 [7] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

" തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ തൊട്ടുകൂടായ്മ അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly